LIBRARY ARCHIVES Kerala Legislative Assembly

## എൻ. ഡി. എഫ്. പ്രവർത്തകൻ മുഹമ്മദലിയെ വെട്ടിക്കൊലപ്പെടുത്തിയ കേസ്

22 [823] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പുന്നാടിൽ എൻ.ഡി.എഫ്. പ്രവർത്തകനായ മുഹമ്മദലിയെ വെട്ടിക്കൊലപ്പെടുത്തിയ കേസിൽ എത്ര പ്രതികളെ ഇതേവരെ അറസ്റ്റ് ചെയ്തു;

(ബി) ഈ കേസിൽ ഉൾപ്പെട്ട ചില ആർ.എസ്.എസ്. നേതാക്കളെ എഫ്. ഐ. ആർ.-ൽ നിന്നും ഒഴിവാക്കാൻ ശ്രമം നടന്നതായുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നിജസ്ഥിതി വെളിപ്പെടുത്തുമോ;

(ഡി) ഈ കേസുമായി ബന്ധപ്പെട്ട് ചില വീടുകളിൽ പോലീസ് റെയ്ഡ് നടത്തിയപ്പോൾ സ്ത്രീകളെ പീഡിപ്പിച്ചു എന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) 7 പ്രതികളെ അറസ്റ്റ് ചെയ്തു. 8 പ്രതികൾ കോടതിയിൽ നേരിട്ട് ഹാജരാകുകയും ചെയ്തു.

(ബി) എഫ്. ഐ. ആർ. പ്രതികളെ ആരേയും കേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

(സി) ഉത്തരം 'ബി'-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) ഇല്ല.

(ഇ) ഉത്തരം 'ഡി'-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## അശമന്നൂർ കീപ്പറത്തി നാരായണന്റെ ദുരൂഹ മരണം

23 [824] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ അശമന്നൂർ ഗ്രാമപഞ്ചായത്തിലെ പനിച്ചയം കീപ്പറത്തി നാരായണന്റെ ദുരൂഹ മരണം സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;